IT MISSION
Chief Editor: Director, KSITM
Newsletter (V3)

ഡിജിറ്റൽ കേരളം പൊരുതുന്നു കോവിഡിനെതിരെ !!!

ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ കോവിഡ് 19 പാൻഡെമിക് പടർന്നപ്പോൾ ഓരോ രാജ്യവും അത് കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രം ആവിഷ്കരിച്ചു. വളരെയേറെ ജനസാന്ദ്രതയും, കുടിയേറ്റക്കാരും അതിലുപരി 12 ശതമാനത്തോളം വാർദ്ധക്യസഹജമായ ജനസംഖ്യയുമുള്ള സംസ്ഥാനമായ കേരളത്തിന് കൂടുതൽ മികച്ച ആയുധങ്ങളുമായി ഈ ഭീഷണി നേരിടേണ്ടിവന്നു.മാർച്ച് മാസത്തിലെ ആദ്യ ദിവസങ്ങളിൽ പരിഗണിച്ച നിരവധി പ്രായോഗികമായ തന്ത്രങ്ങളിൽ ഒന്നാണ് വൈറസ് രോഗത്തിന് കൂടുതൽ സാധ്യതയുള്ളവരിൽ റിവേഴ്സ് ക്വാറന്റൈൻ നടപ്പിലാക്കുക എന്നത്.



ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ കേരള സ്റ്റേറ്റ് ഐടി മിഷനു കീഴിലുള്ള കേരള സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെഎസ്ഡിഐ)പദ്ധതിപ്രകാരം പൊതുവിതരണ സമ്പ്രദായത്തിൽ നിന്നുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലുടനീളം വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കാൻ പദ്ധതിയിട്ടു, അങ്ങനെ വിവിധ പഞ്ചായത്തുകളിൽ നിന്നും പ്രത്യേകിച്ചും വയോജനങ്ങൾ കൂടുതലുള്ള പഞ്ചായത്തുകളെ പ്രത്യേകം പരിഗണിക്കുവാനും അതിനനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളാനും സാധിച്ചു. ജില്ലാ ഭരണകൂടങ്ങൾക്കും ജില്ലാതല പഞ്ചായത്ത് ഉദ്യോഗസ്ഥർക്കും ലളിതമായ മാപ്പുകൾ സൃഷ്ടിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. അവ പൊതു വെബ്സൈറ്റിലും kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിലും ലഭ്യമാക്കി അത് വഴി പൊതുജനങ്ങൾക്കും സംസ്ഥാന അധികാരികൾക്കും ഉചിതമായ രീതിയിൽ അവ കാണാനും മുൻകരുതലുകൾ എടുക്കാനും ലഭ്യമാക്കി.

മുതിർന്ന പൗരന്മാരിൽ, ഏറ്റവും ദുർബലരായവർ കൊമോർബിഡിറ്റികളുള്ളവരും സാന്ത്വന പരിചരണത്തിൽ ഉള്ളവരുമാണ്. അവരിൽ ഭൂരിഭാഗവും ആരോഗ്യ വകുപ്പിന് കീഴിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ചികിത്സ സ്വീകരിക്കുന്നതിനാൽ, ഈ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രോഗികളുടെ രജിസ്റ്ററുകൾ ഡിജിറ്റൽ ഡാറ്റാ ബേസായി ലഭ്യമാക്കേണ്ടതുണ്ട്. എൻസിഡി (സാംക്രമികേതര രോഗങ്ങൾ) രോഗികളുടെ രജിസ്റ്ററുകളും സാന്ത്വന പരിചരണത്തിന് വിധേയരായവരുടെ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഈ



കഠിനാധ്വാനം രണ്ട് ദിവസത്തിനുള്ളിൽ അക്ഷയ സംരംഭകരും (സർക്കാരിന് കീഴിലുള്ള സേവന വിതരണ കേന്ദ്രങ്ങളും) അവരുടെ സ്റ്റാഫുകളും ചേർന്ന് പൂർണമായും ഡിജിറ്റൈസ് ചെയ്തു. ഈ ഡാറ്റ പ്രാദേശിക ഭരണകൂടത്തിന് ലഭ്യമാക്കുകയും അതുവഴി ദുർബലരായവരുടെ ക്വാറൻറൈൻ ഉറപ്പാക്കാൻ പ്രാദേശിക ഭരണകൂടത്തിനു സഹായകമാവുകയും ചെയ്തു .

സ്റ്റേറ്റ് പോസിറ്റീവ് കേസുകൾ തിരിച്ചറിയാൻ ആരംഭിച്ചുകഴിഞ്ഞപ്പോൾ തന്നെ, ബ്യൂറോ ഓഫ് ഇമിഗ്രേഷനിൽ നിന്ന്, നമ്മുടെ വിമാനത്താവളങ്ങളിലൂടെ കേരളത്തിന് പുറത്ത് നിന്ന് വന്നവരുടെ ഡാറ്റ ഒരു സിആർഎം ഉപകരണത്തിന്റെ സഹായത്തോടെ പ്രോസസ്സ് ചെയ്യുകയും തുടർന്ന് ആ ഡാറ്റ സൂക്ഷിക്കാൻ ആരോഗ്യ വകുപ്പിന് നൽകുകയും ചെയ്തു. അടുത്തിടെ യാത്ര ചെയ്തവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അവരിൽ നിന്ന് എന്തെങ്കിലും പോസിറ്റീവ് കേസുകൾ തിരിച്ചറിയുകയും ചെയ്യുക എന്നുമായിരുന്നു പ്രഥമ പരിഗണന. ആദ്യ രണ്ടാഴ്ചയ്ക്കുള്ളിൽ കണ്ടെത്തിയ പോസിറ്റീവ് കേസുകളിൽ ഭൂരിഭാഗവും പുറത്തുനിന്ന് ഉള്ളവരായതിനാൽ ഇത് ഫലപ്രദമായ ഒരു തന്ത്രമായിരുന്നു.

കൂടുതൽ കൂടുതൽ രോഗികളെ തിരിച്ചറിയുകയും അത് സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിക്കാനും തുടങ്ങിയപ്പോൾ, പോസിറ്റീവ് കേസുകളെക്കുറിച്ചും അശാസ്ത്രീയമായ ചികിത്സയെക്കുറിച്ചും പ്രതിരോധ രീതികളെക്കുറിച്ചും വ്യാജവാർത്തകൾ സോഷ്യൽ മീഡിയയിൽ കാട്ടുതീ പോലെ പ്രചരിക്കാൻതുടങ്ങി. ഇത് പരിഹരിക്കുന്നതിന്, പൊതുജനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തേണ്ടത് ഉണ്ടെന്നും അതിനു സർക്കാരിന് കഴിയണമെന്നും മനസ്സിലായി, വീണ്ടും ജനപ്രിയ സോഷ്യൽ മീഡിയയിലൂടെ തന്നെ, ഇതിനായി കേരളത്തിലെ തന്നെ സ്റ്റാർട്ടപ്പ് വികസിപ്പിച്ച GOK Direct എന്ന ആപ്ലിക്കേഷൻ വിന്യസിക്കുകയും എല്ലാ ആശയവിനിമയങ്ങളും ജനങ്ങളിലേക്ക് നേരിട്ട് എത്തിത്തുടങ്ങുകയും ചെയ്തു.



കൊറോണയെ പ്രതിരോധിക്കാൻ 'വർക്ക് ഫ്രം ഹോം': മെച്ചപ്പെട്ട ഇന്റർനെറ്റ് സേവനം ലഭ്യമാക്കി.

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പൊതുഇടങ്ങളിലെ സമ്പർക്കം കുറയ്ക്കുന്നതിന് സർക്കാർ നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്റർനെറ്റ് സഹായത്തോടെ വീട്ടിലിരുന്ന തന്നെ ഓഫീസ് ജോലികൾ ചെയ്യുന്നതിന്റെ സാധ്യത ഏറുകയാണ്. ഐടി സ്ഥാപങ്ങളിൽ ജോലി ചെയ്യുന്നർവക്കാണ് ഇത് ഏറെ പ്രയോജനകരമാകുന്നത്. ഇന്റർനെറ്റ് ഉപഭോഗം കൂടുതലാകാനുള്ള സാഹചര്യം പരിഗണിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കണമെന്ന് ടെലികോം സേവന ദാതാക്കളോട് സർക്കാർ ആവശ്യപ്പെട്ടു. ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, കേരള സർക്കിളിലെ വിവിധ ടെലികോം സേവന ദാതാക്കളും, കേന്ദ്ര സർക്കാരിന്റെ ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് പ്രതിനിധികളും നടത്തിയ ചർച്ചയിലാണ് സർക്കാർ പ്രതിനിധികൾ ഈ ആവശ്യം ഉന്നയിച്ചത്.

നിലവിലെ സാഹചര്യം നേരിടുവാൻ പൂർണമായും സജ്ജമാണെന്ന് ടെലികോം സേവനദാതാക്കൾ സർക്കാരിനെ അറിയിച്ചു. എല്ലാവർക്കും അവരുടെ നെറ്റ്വർക്ക് ക്ഷമതയുടെ 30 മുതൽ 40 ശതമാനം വരെ ഉപഭോഗം അടിയന്തര സാഹചര്യങ്ങളിൽ വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണെന്നും സേവനദാതാക്കൾ അറിയിച്ചു. കേരളത്തിലെ ഇന്റർനെറ്റ് ഉപഭോഗത്തിന്റെ ബഹുഭൂരിപക്ഷവും തദ്ദേശീയമായ സെർവറുകൾ വഴി തന്നെ ലഭ്യമാക്കിയിട്ടുള്ളതാണ്. മാത്രമല്ല അന്തർദേശീയ ഇന്റർനെറ്റ് ട്രാഫിക് മൊത്തം

ഉപഭോഗത്തിന്റെ വളരെ കുറഞ്ഞ അളവിൽ മാത്രമാണുള്ളത്. ഇന്റർനെറ്റ് ഉപഭോഗത്തിൽ പെട്ടെന്നുണ്ടാകുന്ന വർദ്ധന കാരണം ഉപഭോക്താക്കൾക്ക് അനുഭവപ്പെടുന്ന ലഭ്യതക്കുറവുമായി ബന്ധപ്പെട്ട പരാതികൾ ടെലികോം സേവന ദാതാക്കളുടെ പരാതി പരിഹാര നമ്പറിലോ കേരള സർക്കാർ കാൾസെന്റർ നമ്പരായ 155300 ത്തിലോ അറിയിക്കാവുന്ന സവിധാനം തരപ്പെടുത്തി. ഐടി മിഷന് കീഴിൽ കെസ്വാൻ-ഡാറ്റ സെന്റർ ടീം പ്രസ്തുത സംവിധാനം നിരീക്ഷിക്കുകയും അതോടൊപ്പം കണക്റ്റിവിറ്റി സ്റ്റോറേജ് സംബന്ധമായ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തു. കേസുകളുടെ എണ്ണം അമ്പതുകളിൽ എത്തി തുടങ്ങി, ആരോഗ്യ വകുപ്പിന് കേസുകളെയും കോൺടാക്റ്റുകളെയും കുറിച്ചുള്ള വിവരങ്ങൾ ട്രാക് ചെയ്യുന്നതും സൂക്ഷിക്കുന്നതും പ്രായോഗികമായി ബുദ്ധിമുട്ടായി. പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ തലത്തിൽ ഡാറ്റാഎൻട്രിക്ക് വേണ്ടി covidtracker എന്ന ഒരു വെബ്പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തു, അതോടൊപ്പം മുൻനിര ചികിത്സാ കേന്ദ്രങ്ങൾ, കോൺടാക്റ്റുകൾ കണ്ടെത്തുകയും രോഗലക്ഷണങ്ങൾ കണ്ടെത്തുകയും ചെയ്തു. യൂണീക് ഐഡി ഉപയോഗിച്ച് ജില്ലാ സംസ്ഥാന തലങ്ങളിലെ അധികാരികൾക്ക് അതത് സമയത്തെ അപ്ഡേറ്റുകൾ നൽകുന്നതിന് ഡാഷ്ബോർഡുകളും ലഭ്യമാക്കി. ഇത് ഉപയോഗിച്ച് കേസുകളുടെയും കോൺടാക്റ്റുകളുടെയും തത്സമയ ഡാറ്റാ ബേസ് നേടുന്നതിന് ഇത് സഹായിച്ചു.

ഈ അവസരത്തിൽ KSDI വീണ്ടും സാഹചര്യതിനനുസരിച്ച പ്രായോഗികവും ചട്ടുലവുമായും മറ്റൊരു മുന്നൊരുക്കം നടത്തി, അഡ്മിനിസ്ട്രേറ്റീവ് അധികാരികൾക്ക് തന്ത്രപരമായ വിവരങ്ങൾ നൽകിയ പോസിറ്റീവ് കേസുകളുടെ വിതരണം കാണിക്കുന്ന ടൈം സ്റ്റാമ്പുകൾ ഉപയോഗിച്ച് മാപ്പുകളും വീഡിയോകളും കെഎസ്ഡിഐ (കേരള സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ) നിർമിച്ചു. മാപ്പുകൾ സംസ്ഥാന വെബ്സൈറ്റിലും (dashboards.kerala.gov.in) അതോടൊപ്പം പൊതുജനങ്ങൾക്കായി ദൃശ്യപരമായി ആകർഷിക്കുന്ന വിധം വിവിധ അനുബന്ധ സ്ഥിതി വിവരക്കണക്കുകളുള്ള ഡാഷ്ബോർഡുകളും തയ്യാറാക്കി. കേരളത്തിലെ ഐടി വകുപ്പിന് കീഴിൽ സിഡിറ്റ്, ഐറ്റിമിഷൻ എന്നിവയുടെ സഹായത്തോടെയാണ് ഇത് ചെയ്തത്.

കേരള സർക്കാർ ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനാൽ, കേരളത്തിന്റെ സ്വന്തം സൈനികരായ തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും ക്വാറന്റൈസ് ചെയ്യപ്പെട്ടവരെയും റിവേഴ്സ് ക്വാറന്റൈൻ ചെയ്തവരെയും നിരീക്ഷിക്കാനും പ്രയാസമായി. തുടർന്ന് ഐടി സംവിധാനങ്ങൾക്ക് ഇത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിവരുകയും തുടർന്ന് ഒരു സ്വയം റിപ്പോർട്ടിംഗും കമ്മ്യൂണിറ്റി നിരീക്ഷണ പ്ലാറ്റ്ഫോമും നിർമ്മിച്ച് അത് സർക്കാർ വെബ്സൈറ്റുമായി സംയോജിപ്പിച്ചു. നമ്മുടെ ആരോഗ്യ പ്രവർത്തകരെ നമ്മുടെ സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നതിനാൽ, ദുർബലരായവർ,

അടുത്തിടെ യാത്ര ചെയ്തവർ, അങ്ങനെ ഉള്ളവരോട് സ്വയം റിപ്പോർട്ട ചെയ്യാൻ ആവശ്യപ്പെട്ടുകയും ഈ വിവരങ്ങൾ പ്രാദേശിക ഉദ്യോഗസ്ഥർക്ക് ഉടനെ ലഭ്യമാക്കുകയും അങ്ങനെ അവരെ കൃത്യമായി പരിപാലിക്കുകയും ചെയ്തു. kerala.gov.in എന്ന വെബ്സൈറ്റുമായി സംയോജിപ്പിച്ച ഒരു ടെലിമെഡിസിൻ പ്ലാറ്റ്ഫോം വഴി ആവശ്യമുള്ളവർക്ക് സൗജന്യ ടെലികോൺസൽട്ടേഷനും അതോടൊപ്പം മനശാസ്ത്രപരമായ കൂടിയാലോചന ആഗ്രഹിക്കുന്നുവെങ്കിൽ അതും പൂർണമായും ലഭ്യമാക്കി .

ലോക്ക് ഡൌൺ മാർച്ച മാസത്തിനപ്പുറം നീട്ടുകയും തുടർന്ന് അവശ്യ സേവനങ്ങളെയും സന്നദ്ധപ്രവർത്തകരെയും അവരുടെ ജോലി ചെയ്യാൻ അനുവദിക്കുകയും ചെയ്യേണ്ടിവന്നതിനാൽ, സംസ്ഥാനത്തെ ഒരു സ്റ്റാർട്ട് അപ്പ് വികസിപ്പിച്ചെടുത്ത ഒരു **ഇ-പാസ് (e-pass)** സംവിധാനവും അതോടൊപ്പം കോഴിക്കോട് NIC വികസിപ്പിച്ച മറ്റൊരു **Kovidjagratga** പ്ലാറ്റ്ഫോമും ഭരണകൂടത്തിന് ലഭ്യമാക്കി.സർക്കാർ ഒപ്പമുണ്ടെന്ന സത്യം അന്വർഥമാക്കി **കൂടെ** എന്ന പേരിൽ ഒരു ജനകീയ

ആപ്ലിക്കേഷനും വികസിപ്പിച്ചെടുക്കുകയും അത് വഴി ടെലിമെഡിസിൻ ടെലികൗൺസിലിംഗ് പോലുള്ള നിരീക്ഷണത്തിലുള്ളവർക്കായി പ്രത്യേക സേവനങ്ങളുമായി സർക്കാർ എല്ലായ്പ്പോഴും ജനങ്ങളുടെ കൂടെ തന്നെ ഉണ്ട് എന്ന ബോധം വളർത്തുകയും ചെയ്തു. നിരീക്ഷണത്തിലുള്ള ഓരോ പൗരനും വേണ്ടി ഒരു ഡോക്ടറെയും ഒരു സന്നദ്ധപ്രവർത്തകനെയും നിയോഗിക്കുകയും അതുവഴി സർക്കാർ ആവശ്യമായ ഏത് സഹായത്തിനും അവരുമായി സമ്പർക്കം പുലർത്താൻ സർക്കാർ ഒപ്പം ഉണ്ടെന്നും അതുവഴി **കൂടെ** കൂടുതൽ അന്വർഥമാവുകയും ചെയ് തു.......

കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാരിന് കീഴിൽ വിവിധ വകുപ്പുകൾ നടത്തിയ ഏകോപന പ്രവർത്തങ്ങൾ (ഹെൽത്ത്, പോലീസ്, റവന്യൂ ,ദുരന്ത നിവാരണ അതോറിറ്റി ,ഫുഡ് സിവിൽ സപ്ലൈസ് ,ട്രാൻസ്പോർട്ട് ,

ലേബർ, മറ്റു വകുപ്പുകൾ) വിവിധ സർക്കാർ ഉത്തരവുകൾ, മാർഗനിർദേശങ്ങൾ, മുന്നറിയിപ്പുകൾ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഒരു ഏകീകൃത പോർട്ടൽ സംവിധാനം നിലവിൽ വന്നു. സിഡിറ്റും ഐടി മിഷനും സംയുക്തമായാണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തത് .

ഐടി മിഷൻ മാപ്പത്തൺ അടുത്ത ഘട്ടത്തിലേക്ക്

ഹരിത മിഷനുമായി ചേർന്ന് 14 ജില്ലകളിലായി 130 ഓളം യുവ പ്രൊഫഷണലുകളും റിസോഴ്സ് പേഴ്സണും ചേർന്ന് സ്ട്രീം മാപ്പിംഗ് നടത്തുന്നു. ഇന്റർനെറ്റിലൂടെ ഇതിനാവശ്യമായ പരിശീലനം നൽകി വരുന്നു. ഫസ്റ്റ് ഓർഡറിനേക്കാൾ ഉയർന്ന എല്ലാ സ്ട്രീമുകളുടെയും മാപ്പിംഗ് കോട്ടയവും കൊല്ലവും പൂർത്തിയാക്കി കഴിഞ്ഞു. പന്തളം എൻഎസ്എസ് കോളേജിലെ ജിയോഗ്രഫി വിഭാഗം വിദ്യാർത്ഥികളാണ് പത്തനംതിട്ട ജില്ലയിലെ സ്ട്രീം മാപ്പിംഗ് നടത്തിയത്. മറ്റ് ജില്ലകൾ നിലവിൽ അതത് സ്ഥലങ്ങളുടെ സ്ട്രീം മാപ്പിംഗ് ഏറ്റെടുക്കുന്നു. സാറ്റലൈറ്റ് ഇമേജുകൾ ഉപയോഗിച്ച് സ്ട്രീം വരച്ച ശേഷം, ഓരോ സ്ട്രീമിനും പേരുകൾ നൽകാൻ ശ്രമിക്കും, തുടർന്ന് അടുത്ത ഘട്ടമെന്ന നിലയിൽ, പോണ്ട് മാപ്പിംഗ് ആരംഭിക്കുന്നു.

ലോക്ക് ഡൌൺ തുടങ്ങിയത് മുതൽ തന്നെ ഐടി മിഷന്റെ വീഡിയോ കോൺഫറൻസ് സംവിധാനം സക്രിയമാവുകയും ദിവസേന വിവിധ വകുപ്പുകളുടെ നിരവധി വിസി മീറ്റിംഗുകൾ തടസ്സമില്ലാതെ ക്രമീകരിക്കുകയും ചെയ്തു .വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സെക്രട്ടറിയേറ്റിലെ മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ജില്ലകളുമായി സംവദിക്കുന്നതിനും കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉള്ള ജില്ലകളുടെ സംവദിക്കുന്നതിനുള്ള സംവിധാനം വീഡിയോ

കോൺഫെറെൻസിങ് വഴി ക്രമീകരിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിലെ വിസി കോൺഫറന്സുകളും ദിവസേന ക്രമീകരിക്കുകയും തടസ്സമില്ലാതെ നടത്തുകയും ചെയ്യാൻ സാധിച്ചു.

കോവിഡ് കാലത്തു കാൾ സെന്റർ പ്രവർത്തനം കൂടുതൽ ക്രമീകരിക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനവും സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്തു. അതോടൊപ്പം ഇന്റർനെറ്റ് ബാൻഡ് വിടുത്തുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും സർവീസ് പ്രൊവൈഡേഴ്‌സ്മായുള്ള ഏകോപനത്തിനും കാൾ സെന്റർ പ്രത്യേക സൗകര്യം ഒരുക്കി. സൗജന്യ റേഷൻ കിറ്റ് സറണ്ടറുമായി ബന്ധപ്പെട്ട കാൾ സംവിധാനം, കേരളം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട 24/7 എമർജൻസി സംവിധാനം, ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട എമർജൻസി സംവിധാനം, കോവിഡ് ജാഗ്രതയുമായി ബന്ധപ്പെട്ട കാളുകൾ, കോവിഡുമായി ബന്ധപ്പെട്ട സന്നദ്ധസേന രെജിസ്ട്രേഷൻ സംവിധാനവുമായി ബന്ധപ്പെട്ട കാൾ സംവിധാനം അതോടൊപ്പം മറ്റു സ്ഥിരം സേവനങ്ങളും ലഭ്യമാക്കി

സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രധാനമായും ഐടി മിഷന്റെ ഔദ്യോഗിക ഫേസ്ബുക് വഴി നിരന്തരം പൊതുജന അവബോധം സൃഷ്ടിക്കുകയും, പൊതു ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ സന്ദേശ രൂപത്തിലും ചിത്രങ്ങൾ വഴിയും, വീഡിയോ വഴിയും അതുപോലെ ഇന്റർനെറ്റ് ബാൻഡ് വിഡ്ത്തും സൈബർ സെക്യൂരിറ്റിയുടെയും ബന്ധപ്പെട്ട വിവരങ്ങളും കൃത്യമായി അപ്ഡേറ്റ് ചെയ്യുകയും അതോടൊപ്പം പ്രസ്തുത വിവരങ്ങൾ വാട്സ് ആപ്പ് വഴിയും വെബ്സൈറ്റ് വഴിയും ഒക്കെ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു

IT MISSION

Newsletter *(V3)*





കേരളത്തിലെ കോവിഡ് – 19 ബാധിതരുടെയും നിരീക്ഷണത്തിൽ കഴിയുന്നവരുടെയും ജില്ല തിരിച്ചുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള സംഗ്രഹ ഭൂപടങ്ങൾ (25 മെയ് 2020). (ഡാറ്റ ഉറവിടം: http://www.dashboard.kerala.gov.in/)